**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com*

150 YEARS OF CELEBRATING THE MAHATMA

***Phone & Fax: 0484 2542355*** --Web: www.sitttrkerala.ac.in

No. P3/453/2021 Date: 03.09.2021

## പോളിടെക്നിക് അഡ്മിഷൻ - 2021

## പോളിടെക്നിക് കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ നിർദ്ദേശങ്ങൾ

1. സ്ഥാപനങ്ങളിൽ ഡിപ്പാർട്ട്മെന്റടിസ്ഥാനത്തിൽ പ്രവേശന നടപടികൾക്കായി കോവിഡ്-19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനും ഓൺലൈനായി പ്രവേശനം നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ അതാത് സ്ഥാപനമേധാവികൾ കൃത്യമായി നടപ്പിലാക്കേണ്ടതാണ്. ഇപ്പോൾ ലഭിച്ച അലോട്ട്മെന്റിൽ താല്പര്യമില്ലാത്തവർക്കും ഉയർന്ന ഓപ്ഷൻ മാത്രം പരിഗണിക്കുന്നവർക്കും നിലവിൽ ഒന്നും ചെയ്യേണ്ടതില്ല.

2. സ്ഥാപനങ്ങളിൽ രണ്ട് വ്യത്യസ്ത ഹെല്പ് ഡെസ്കുകൾ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.
   i. **രജിസ്ട്രേഷൻ ഡെസ്ക് (സർക്കാർ,എയിഡഡ്, IHRD പോളിടെക്നിക് കോളേജിൽമാത്രം)**: - നിലവിൽ ലഭിച്ച അലോട്ട്മെന്റ് നിലനിർത്തികൊണ്ട് ഉയർന്ന ഓപ്ഷൻ പരിഗണിക്കുന്നവർക്കുള്ള രജിസ്ട്രേഷൻ :
   സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തെറ്റുകൾ ഒന്നും ഇല്ലെങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതും നിർബന്ധമായും Registration Slip നൽകേണ്ടതുമാണ് . ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ശ്രദ്ധയിൽ പെട്ടാൽ രജിസ്റ്റർ ചെയ്യേണ്ടതില്ല. അവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദാവുന്നതാണ്. അവരെ അടുത്ത അലോട്മെന്റിൽ പരിഗണിക്കുന്നതാണ്. തെറ്റുകൾ ഓൺലൈനായി കറക്റ്റ് ചെയ്യേണ്ടതും Reranking / Reconsider ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പരിശോധനക്ക് ശേഷം സർട്ടിഫിക്കറ്റുകൾ തിരികെ നൽകേണ്ടതാണ്. ഫീസ് ഈടാക്കേണ്ടതില്ല.
   ii. **അഡ്മിഷൻ ഡെസ്ക്** - നിലവിൽ ലഭിച്ച അലോട്മെന്റിൽ അഡ്മിഷൻ എടുക്കാൻ താല്പര്യം ഉള്ളവർക്ക് :
   സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തെറ്റുകൾ ഒന്നും ഇല്ലെങ്കിൽ ഫീസ് അടച്ച് ഓൺലൈനായി പ്രവേശനം നൽകാവുന്നതാണ്. പ്രവേശനം നൽകുന്നവർക്ക് നിർബന്ധമായും Admission Slip നൽകേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ശ്രദ്ധയിൽ പെട്ടാൽ (റാങ്കിലോ റിസർവേഷനിലോ മാറ്റം വന്നാൽ) അഡ്മിഷൻ നൽകേണ്ടതില്ല. അവരെ അടുത്ത അലോട്മെന്റിൽ പരിഗണിക്കുന്നതാണ്. തെറ്റുകൾ ഓൺലൈനായി കറക്റ്റ് ചെയ്യേണ്ടതും Reranking - Reconsider ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

3. കോവിഡ് പശ്ചാത്തലത്തിൽ അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും അപേക്ഷാ സമർപ്പണ വേളയിൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ നേരിട്ടുള്ള പരിശോധനയിൽ അപേക്ഷകന്റെ ജാതി, വരുമാനം, മാർക്ക്/ഗ്രേഡ് എന്നിവയിൽ വ്യത്യാസം കാണുന്ന പക്ഷം അവയുടെ ആധികാരികത പരിശോധിച്ച് ഓൺലൈനായി തിരുത്തേണ്ടതും അത്തരം തെറ്റുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ അപേക്ഷ ഒരു കാരണവശാലും

നിരസിക്കാൻ പാടില്ലാത്തതും ആകുന്നു. അപേക്ഷകന്റെ മാർക്കിൽ/ഗ്രേഡിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അപേക്ഷകരുടെ സർട്ടിഫിക്കറ്റ് വിശദമായി പരിശോധിച്ചതിനുശേഷം ഓൺലൈനായി അത് തിരുത്തേണ്ടതും റീ-റാങ്കിംഗ് നടത്തി അവരെ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കേണ്ടതുമാണ്. ഇപ്രകാരമുള്ളവരുടെ അപേക്ഷ നമ്പർ Reranking - Reconsider ഓപ്ഷൻ വഴി നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. പരിശോധനയിൽ ജാതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം രജിസ്ട്രേഷൻ ഫീസിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ബാക്കി തുക കൂടി അടപ്പിച്ചതിനുശേഷം തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതിനായി Reranking - Reconsider ഓപ്ഷൻ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. അവരിൽ നിന്നും ബാക്കി തുക ട്രഷറി വഴി നേരിട്ടടച്ച് അത് ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
5. കേരള സർക്കാർ നൽകുന്ന സാധുവായ കമ്മ്യൂണിറ്റി, വരുമാനം, നേറ്റിവിറ്റി, EWS സർട്ടിഫിക്കറ്റുകൾ മാത്രമേ പ്രവേശനത്തിനായി പരിഗണിക്കേണ്ടതുള്ളൂ.
6. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ പ്രവേശന സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ കാലാവധി പരിശോധിക്കേണ്ടതും അവ ഏറ്റവും പുതുതായി ലഭിച്ചതാണെങ്കിൽ കൂടി പരിഗണിക്കേണ്ടതുമാണ്.
7. അപേക്ഷാ ഫോറത്തിൽ നൽകിയിരിക്കുന്ന വരുമാനവും വരുമാന സർട്ടിഫിക്കറ്റിലെ വരുമാനവും ഒരേപോലെ ആയിരിക്കണമെന്ന് നിർബന്ധമില്ല. ഇവ തമ്മിൽ നേരിയ വ്യത്യാസം(നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലാണെങ്കിൽ) ഉണ്ടെന്ന കാരണത്താൽ അപേക്ഷ നിരാകരിക്കരുത്. റീറാങ്കിംഗ് ആവശ്യമെങ്കിൽ Reranking – Reconsider ഓപ്ഷൻ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.
8. അഡ്മിഷൻ സമയത്ത് ഹാജരാകേണ്ട വിദ്യാർത്ഥിക്കോ/ രക്ഷാകർത്താവിനോ ഹാജരാകാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ Proxy Form ഹാജരാക്കേണ്ടതാണ്. Proxy Form ൽ വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും ഒരു സാക്ഷിയുടെയും സാക്ഷ്യപ്പെടുത്തലുകൾ മതിയാവും. ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിനായി നിർബന്ധം പിടിക്കേണ്ടതില്ല.
9. പ്രവേശന സമയത്ത് ഫീസ് ഇ.പോസ് മെഷീൻ വഴി സ്വീകരിക്കേണ്ടതാണ്.
10. നിലവിൽ റാങ്ക് ലിസ്റ്റിൽ പേരുള്ള യോഗ്യരായ എല്ലാ അപേക്ഷകർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.
11. എല്ലാ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാവാത്ത രീതിയിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കേണ്ടതും അവരുടെ സംശയങ്ങൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതുമാണ്. പ്രവേശനം സംബന്ധിച്ച ചോദ്യങ്ങളിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെട്ടതിനുശേഷം മാത്രം മറുപടി നൽകിയാൽ മതിയാകും.
12. സ്ഥാപനങ്ങളിൽ ഹെല്പ് ഡെസ്കുകൾ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർശനമായ ശ്രദ്ധ സ്ഥാപനമേധാവികൾക്ക് ഉണ്ടാകേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104